# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3181 – 11/05/2017 - ലെ മറുപടിക്ക്

### സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടി

ചോദ്യം

ഉത്തരം

ശ്രീ. പി. കെ. ശശി

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | മുൻ സർക്കാർ വായ്പയെടുത്ത തുക എത്ര; എവിടെ നിന്ന്; മുൻ വായ്പയും പലിശയും ഉൾപ്പെടെ തിരിച്ചടച്ച തുക എത്ര; നിത്യനിദാന ചെലവുകൾക്ക് ഉപയോഗിച്ച തുക എത്ര; ഇതിനായി വായ്പയെടുത്ത തുക എത്ര; നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചിലവാക്കിയ തുക എത്ര; മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക എത്ര; ഏറ്റെടുത്ത വികസന പ്രവൃത്തികൾ ഏതെല്ലാം; ഇതിനായി ചിലവാക്കിയ തുക എത്ര; ഇവയിൽ പൂർത്തീകരിച്ചവ ഏതാല്ലാം; പൂർത്തീകരിക്കാത്തവ ഏതെല്ലാം; എന്നിവ വ്യക്തമാക്കുമോ; | മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തര കടവും കേന്ദ്ര സർക്കാരിൽ നിന്ന് എടുത്ത കടവും സ്മാൾ സേവിംഗ്സ് ആന്റ് പ്രോവിഡന്റ് ഫണ്ട് ഇനത്തിലുമായി എടുത്ത വായ്പ, വായ്പാ തിരിച്ചടവ്, പലിശ സംബന്ധിച്ച വിശദാംശങ്ങളും മൂലധന ചെലവുകൾ സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) [see table below] സംസ്ഥാനം എടുക്കുന്ന വായ്പയിൽ മുഖ്യ പങ്കും വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. ഇതിൽ വളരെ ചെറിയ ഒരു പങ്കു മാത്രമേ നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുള്ളൂ. |
| ബി | ഇവ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിശോധിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ; | മുൻ സർക്കാരിന്റെ കാലത്ത് ഫണ്ടിന്റെ പിൻബലം ഉറപ്പാക്കാതെയാണ് പല പദ്ധതികളും പ്രൊജക്ടുകളും പ്രഖ്യാപിച്ചിരുന്നത്. ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട നിരവധി പദ്ധതികളുടെ യഥാർത്ഥ ചെലവ് ബജറ്റ് എസ്റ്റിമേറ്റിന്റെ 60 മുതൽ 70 ശതമാനം വരെയായിരുന്നു. ഇത് കാരണം വാർഷിക പദ്ധതികളുടെ നടത്തിപ്പ് സ്തംഭനാവസ്ഥയിലാവുകയും പൊതു നിക്ഷേപങ്ങളിൽ വൻ പ്രത്യാഘാതം ഉളവാകുകയും സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളെ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരുന്നു. നികുതി നികുതിയേതര വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. |

(തുക കോടിയിൽ)

| വർഷം | വായ്പാ തുക (മൊത്തം) | വായ്പാ തിരിച്ചടവ് | പലിശ | മൂലധന ചെലവുകൾ (എഫ്. ലോൺ ഒഴികെ) |
|---|---|---|---|---|
| 2011-12 | 32780.89 | 22035.94 | 6293.6 | 3852.92 |
| 2012-13 | 37082.02 | 22939.38 | 7204.81 | 4603.29 |
| 2013-14 | 43814.81 | 28366.56 | 8265.38 | 4294.33 |
| 2014-15 | 50965.75 | 34534.58 | 9769.59 | 4254.59 |
| 2015-16 | 67920.36 | 45990.28 | 11110.62 | 7500.04 |

| | | |
|---|---|---|
| സി | ഇത്തരം പ്രതിസന്ധിയിൽ നിന്നും രക്ഷ നേടാനായി ഈ സർക്കാർ നടത്തിയ അധിക വിഭവ സമാഹരണം ഉൾപ്പെടെയുള്ള ധന സമാഹരണ സംവിധാനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി 1999ലെ കിഫ്ബി ആക്റ്റ് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 15,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ, തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി | ട്രഷറി ശൃംഖലയിലെ കോർ ബാങ്കിംഗ് പ്രവർത്തനത്തിന്റെ പുരോഗതി എന്തെല്ലാം എന്നും ഇതുവഴിയുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | IFMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി 23.02.2017-ന് നടത്തുകയുണ്ടായി.<br>കോർ ബാങ്കിംഗ് സംവിധാനം നടപ്പിലായതോടുകൂടി ഏത് ട്രഷറി മുഖേനയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കുന്നതിനും, ഏത് ട്രഷറിയിൽ നിന്നും റ്റി.എസ്.ബി അക്കൗണ്ടിലെ പണം |

| | | |
|---|---|---|
| | | പിൻവലിക്കുന്നതിനും സാധിക്കും. കൂടാതെ വിവിധ യൂട്ടിലിറ്റി പെയ്മെന്റുകൾക്കുള്ള (ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയവ അടയ്ക്കാനുള്ള) സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്. |

Sreekumar

**സെക്ഷൻ ഓഫീസർ**